(സി) ഈ കേസിന്മേൽ പോലീസ് വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല. സർക്കാർ കത്ത് നമ്പർ 14901/എ1/13/വനം തീയതി 27-1-2014 പ്രകാരം വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം ടി കേസ് അന്വേഷിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം അന്വേഷണം നടന്നുവരുന്നു.

(ഡി) സാമ്പത്തിക അഴിമതി അന്വേഷിച്ച് നടപടി സ്വീകരിക്കുവാനുള്ള അധികാരം വനം വകുപ്പിനുണ്ട്. എന്നാൽ ക്രിമിനൽ കേസ് എടുത്ത് നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം വനം വകുപ്പിനില്ല.

**ക്രിമിനൽ കേസ്സുകളിൽ പ്രതികളായ വനം വകുപ്പ് ഉദ്യോഗസ്ഥർ**

**209 (7772)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ക്രിമിനൽ കേസിൽ പ്രതികളായ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) വനം വകുപ്പിലെ ജീവനക്കാർ പ്രതികളായ ക്രിമിനൽ കേസ്സുകളിൽ വിചാരണ പൂർത്തിയാക്കി ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയ കേസ്സുകളുടെ വിവരവും ഇനിയും വിചാരണ ആരംഭിക്കാത്ത കേസ്സുകളുടെ വിവരവും വ്യക്തമാക്കുമോ ;

(സി) വനം വകുപ്പിലെ ക്രിമിനൽ കേസിൽ പ്രതികളായ ഉദ്യോഗസ്ഥരെ വിചാരണ ചെയ്യുന്നതിന് പ്രോസിക്യൂഷൻ സാങ്ഷൻ നൽകാത്തതായി ഉണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ ;

(ഡി) കുറ്റവാളികളായ ഉദ്യോഗസ്ഥരെ വിചാരണ ചെയ്യുന്നതിന് പ്രോസിക്യൂഷൻ സാങ്ഷൻ ആവശ്യമില്ലെന്ന സുപ്രീം കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതനുസരിച്ച് എന്തുനടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്നും ഇതനുസരിച്ച് തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിൽ 67 ജീവനക്കാർക്കെതിരെ ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട്. തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 1 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | 6 |
| റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 18 |
| ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 5 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 12 |
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 17 |
| ക്ലാർക്ക് | 2 |
| സീനിയർ ക്ലാർക്ക് | 4 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ഹെഡ് അക്കൗണ്ടന്റ് | 1 |
| ആകെ | 67 |

(ബി) വനം വകുപ്പിലെ ജീവനക്കാർ പ്രതികളായ ക്രിമിനൽ കേസ്സുകളിൽ വിചാരണ പൂർത്തിയാക്കി ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയ കേസ്സുകളുടെ വിവരവും ഇനിയും വിചാരണ ആരംഭിക്കാത്ത കേസ്സുകളുടെ വിവരവും അനുബന്ധം 1-ഉം 2-ഉം ആയി ചുവടെ ചേർക്കുന്നു.*

(സി) ഉണ്ട്. വനം വകുപ്പിൽ ക്രിമിനൽ കേസിൽ പ്രതികളായ ഉദ്യോഗസ്ഥരെ വിചാരണ ചെയ്യുന്നതിനായി പ്രോസിക്യൂഷൻ സാങ്ഷൻ നൽകാത്ത കേസുകൾ ചുവടെ ചേർക്കുന്നു :

കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസിൽ ശ്രീ. റ്റി. പ്രദീപ്കുമാർ ഡിവിഷണൽ ഫോറസ്റ്റാഫീസറെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി പ്രോസിക്യൂഷൻ സാങ്ഷനുവേണ്ടി അപേക്ഷ ലഭിച്ചുവെങ്കിലും ടിയാനെതിരെ വ്യക്തമായ തെളിവുകൾ ഇല്ലാത്തതിനാൽ പ്രോസിക്യൂഷൻ സാങ്ഷൻ നിഷേധിച്ചു. സർക്കാർ ഭൂമി കയ്യേറിയതിനെത്തുടർന്ന് സ്വകാര്യ വ്യക്തിയെ സർക്കാർ ഭൂമിയിൽനിന്ന് ഒഴിപ്പിച്ചതുമായി ബന്ധപ്പെട്ട് പോലീസ് ചാർജ്ജ് ചെയ്ത കേസിൽ കോടനാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെയും ജീവനക്കാരെയും പ്രോസിക്യൂട്ട് ചെയ്യുന്നതിനായി പ്രോസിക്യൂഷൻ സാങ്ഷനുവേണ്ടി അപേക്ഷ ലഭിച്ചുവെങ്കിലും ജീവനക്കാർ സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടി മാത്രമാണ് സ്വീകരിച്ചതെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് പ്രോസിക്യൂഷൻ സാങ്ഷൻ അനുമതി നൽകിയില്ല. അന്വേഷണം പൂർത്തിയാക്കി വിചാരണ ആരംഭിക്കാത്ത കേസ്സുകളിൽ പ്രോസിക്യൂഷൻ സാങ്ഷൻ നൽകിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കിയ കേസ്സുകളിൽ പ്രോസിക്യൂഷൻ സാങ്ഷൻ നൽകിയിട്ടുണ്ട്. പ്രോസിക്യൂഷൻ നടപടികളൊന്നും തടഞ്ഞുവച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly